"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - കാസറഗോഡ്, മഞ്ചേശ്വരം നിയോജകമണ്ഡലം - പൈവളിഗെ ഗ്രാമപഞ്ചായത്ത് - **'ഗോളിക്കട്ട-കാന്തില-ബോളുഗുഡെ റോഡ്"** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.721/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.02.2026-ലെ LSGD/PD/33705/2025-EW1-നമ്പർ കത്ത്

ഉത്തരവ്

2025-26-സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II - ക്രമനമ്പർ 2202 പ്രകാരം 50 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി, 10 ലക്ഷം രൂപ വകയിരുത്തി ഉൾപ്പെട്ടിട്ടുള്ള കാസർകോഡ് ജില്ലയിലെ പൈവളിഗെ ഗ്രാമ പഞ്ചായത്ത് പരിധിയിലെ **'ഗോളിക്കട്ട -കാന്തില ബോളുഗുഡെ (പൈവളിഗെ ഗ്രാമ പഞ്ചായത്ത്)** എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-26-വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ.2202 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ **"ഗോളിക്കട്ട-കൻതില-ബൊളുഗുഡെ റോഡ് (പൈവളികെ പഞ്ചായത്ത് )"**എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ (അമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **"4515-00-800-92(NP) "** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്. (E:3439970/DEV-3/84/2026-Fin dated 09.03.2026) (AS/LGD/25/49728)
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
കരുതൽ ഫയൽ. (DB2/148/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 13-03-2026 12:32:05